"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ ബയോമെട്രിക് സംവിധാനം നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന വകുപ്പ്

G.O.(Rt)No.99/2023/BCDD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാരുടെ 05.08.2023 ലെ 972/എ2/2022/കെ.എസ്.സി.ബി.സി നം. കത്ത്

<u>ഉത്തരവ്</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ കെൽട്രോൺ മുഖേന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനായി പരാമർശ കത്ത് പ്രകാരം കമ്മീഷൻ രജിസ്ട്രാർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കെൽട്രോൺ തയ്യാറാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിന്നും 92,480/- രൂപ വിനിയോഗിക്കുന്നതിനും മേൽ ശീർഷകത്തിൽ അധികധനാനുമതിയായി ടി തുക അനുവദിക്കണമെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ കെൽട്രോൺ സഹായത്തോടെ ബയോമെട്രിക് സംവിധാനം നടപ്പാക്കുന്നതിനായി 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിന്നും 92,480.00 രൂപ (തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ്റി എൺപതു രൂപ)വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(3) നടപ്പ് സാമ്പത്തിക വർഷത്തിൽ 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിൽ അധിക ധനപുനർവിനിയോഗത്തിനുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LATHA.S

ADDITIONAL SECRETARY

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം

രജിസ്ട്രാർ,കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ/ജി& എസ്.എസ്.എ),കേരള ,തിരുവനന്തപുരം

ധനകാര്യ(വെൽഫയർ വിംഗ്) വകുപ്പ്(WW-WW1/160/2023-FIN dated 03.10.2023)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 25-10-2023 15:53:19

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ -യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്